**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2797

18.08.2017 -ൽ മറുപടിയ്ക്ക്

## സ്വയംഭരണകോളേജുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ<br>ശ്രീ. എ.എൻ.ഷംസീർ<br>ശ്രീ.പി.ഉണ്ണി<br>ശ്രീ. ഐ.ബി.സതീഷ് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിദ്യാഭ്യാസം വിദ്യാർത്ഥി കേന്ദ്രീകൃതമായിരിക്കണമെന്ന പുരോഗമന കാഴ്ചപ്പാടിനു വിരുദ്ധമായി വിദ്യാഭ്യാസത്തെ മാനേജ്മെന്റ് കേന്ദ്രീകൃതമാക്കുന്ന ഈ സമ്പ്രദായത്തോടുള്ള നിലപാട് അറിയിക്കാമോ;

(ബി) വിദ്യാർത്ഥി പ്രവേശനം, അധ്യാപക നിയമനം, ഫീസ് നിർണ്ണയം, പരീക്ഷാ നടത്തിപ്പ്, സിലബസ് നിശ്ചയിക്കുന്നത് തുടങ്ങി എല്ലാ മേഖലയിലും സമ്പൂർണ്ണ അധികാരം കൈയ്യാളിയിരിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ സർട്ടിഫിക്കറ്റ് വിതരണ ഏജൻസി മാത്രമായി സർവ്വകലാശാലയെ കണക്കാക്കുന്ന നിലവിലെ സ്ഥിതിക്ക് അറുതി വരുത്താൻ നടപടിയെടുക്കുമോ;

(എയും, ബിയും) 18.12.2014-ലെ സ്വയംഭരണ കോളേജുകൾ സംബന്ധിച്ച ആക്ട് നമ്പർ 32-ലെ വ്യവസ്ഥകൾ അനുസരിച്ചാണ് കേരളത്തിലെ സ്വയംഭരണ കോളേജുകൾ പ്രവർത്തിച്ചുവരുന്നത് . ടി ആക്ടിലെ വിവിധ വ്യവസ്ഥകൾ പ്രകാരം സർവകലാശാലകൾക്കും സർക്കാരിനും നിയമപരമായ നിയന്ത്രണാധികാരങ്ങളുണ്ട്.

(സി) ഓട്ടോണമസ് കോളേജുകൾ സ്വന്തം നിലയിൽ സിലബസ് നിശ്ചയിക്കുന്നത് അവിടെ പഠിക്കുന്ന വിദ്യാർത്ഥികളെ തുടർ വിദ്യാഭ്യാസത്തിനായി ആ സ്ഥാപനങ്ങളെ തന്നെ ആശ്രയിക്കാൻ നിർബന്ധിതരാക്കാനിടയുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ?

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

Manoj M

**സെക്ഷൻ ഓഫീസർ**